
TUESDAY 08/07/2025 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: SINDHU. KS** **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/07/2025

1. കിഴുവിലം ഗ്രാമപഞ്ചായത്ത് കിഴുവിലം കൃഷി ഭവന് വേണ്ടി ചിറയിൻകീഴ് എം.എൽ.എ. വി. ശശിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ഇന്ന് വൈകുന്നേരം 5.00 മണിക്ക് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു. ചടങ്ങിൽ ചിറയിൻകീഴ് എം. എൽ.എ. വി. ശശി അദ്ധ്യക്ഷത വഹിക്കുന്നതാണ്.

2. കേരളത്തിലെ കാർഷിക മേഖലയിൽ കാലാവസ്ഥ അനുരൂപ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേൾഡ് ബാങ്ക് സഹായത്തോടെ രൂപീകരിച്ച കേര പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി കേരള കാർഷിക സർവകലാശാലയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. കേര അഡീഷണൽ പ്രോജക്ട് ഡയറക്ടർ വിഷ്ണു രാജ് ഐ.എ.എസും കേരള കാർഷിക സർവകലാശാല രജിസ്ട്രാർ ഡോ. എ. സക്കീർ ഹുസൈനും ധാരണാപത്രത്തിൽ ഒപ്പുവച്ചു. "കാലാവസ്ഥാ വ്യതിയാനത്തിനെതിരെ ഭാവിയിൽ പ്രതിരോധശേഷിയുള്ള കൃഷിക്കുള്ള കേരളത്തിന്റെ ശ്രമങ്ങളിൽ ഈ ധാരണാപത്രം ഒരു പ്രധാന നാഴികക്കല്ലാണ്" ചടങ്ങിൽ സംസാരിച്ച പ്രൊജക്റ്റ് ഡയറക്ടർ വിഷ്ണു രാജ് ഐ.എ.എസ്. പറഞ്ഞു. ഈ സഹകരണത്തിലൂടെ, കേരളത്തിലെ വൈവിധ്യമാർന്ന കാർഷിക-പാരിസ്ഥിതിക മേഖലകളിലുടനീളം കാലാവസ്ഥാ-പ്രതിരോധശേഷിയുള്ള കൃഷി രീതികൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും KERA-യും KAU-യും ഒരുമിച്ച് പ്രവർത്തിക്കും. മണ്ണ് പരിശോധനാ ലബോറട്ടറികൾ നവീകരിക്കുക, ഉപദേശക സംവിധാനങ്ങൾ നവീകരിക്കുക, മുൻഗണനാ ജില്ലകളിലെ ആൾട്ടർനേറ്റ് വെറ്റിംഗ് ആൻഡ് ഡ്രൈയിംഗ് (AWD) പോലുള്ള പൈലറ്റ് ലോ-കാർബൺ നെൽകൃഷി സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക എന്നിവയാണ് പങ്കാളിത്തത്തിന്റെ ലക്ഷ്യം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേന്ദ്ര കൃഷിമന്ത്രാലയവും സംസ്ഥാന കൃഷിവകുപ്പും സംയുക്തമായി നടപ്പാക്കിവരുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിയിൽ ഒന്നാം വിള കൃഷിചെയ്യുന്ന കർഷകർക്ക് അപേക്ഷ സമർപ്പിക്കാം. നിലവിൽ തിരഞ്ഞെടുത്ത 27 വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. പൊതുമേഖലയിലെ അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി (AIC) മുഖേനയാണ് കേരളത്തിൽ പദ്ധതി നടപ്പാക്കുന്നത്. കൃഷി ചെയ്യുന്ന പ്രദേശത്തെ കാലാവസ്ഥാ വ്യതിയാനം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ വിജ്ഞാപനം ചെയ്തിട്ടുള്ള കാലാവസ്ഥ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് പ്രകൃതിക്ഷോഭതോത് നിർണ്ണയിച്ച് നഷ്ടപരിഹാര തുക കർഷകർക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭിക്കുന്ന രീതിയിലാണ് പദ്ധതി. ഇതിനായി ഓരോ വിജ്ഞാപിത പ്രദേശത്തിനും നിശ്ചിത സൂചനാ കാലാവസ്ഥാനിലയം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട വിളകൾക്ക് വായ്പയെടുക്കുന്ന കർഷകർക്ക് പ്രസ്തുത ബാങ്കുകൾ മുഖേന പദ്ധതിയിൽ അംഗമാകാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം നിശ്ചിത പ്രീമിയം തുക, ആധാറിന്റെ പകർപ്പ്, നികുതി രസീതിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, പാട്ടത്തിനു കൃഷി ചെയ്യുന്നവരാണെങ്കിൽ പാട്ടക്കരാറിന്റെ പകർപ്പ് എന്നിവ കൂടി സമർപ്പിക്കണം. വായ്പയെടുക്കാത്ത കർഷകർ അടുത്തുള്ള അക്ഷയകേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ, അംഗീകൃത ബ്രോക്കിങ് ഏജന്റ്, ഇൻഷ്വറൻസ് ഏജന്റ് എന്നിവരുമായി ബന്ധപ്പെട്ട് വിളകൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയം അടച്ച് പരിരക്ഷ ഉറപ്പാക്കണം. നിലവിൽ 2025 ഒന്നാം വിളയുടെ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുവാൻ ദേശീയ വിള ഇൻഷ്വറൻസ് പോർട്ടൽ സജ്ജമായിട്ടുണ്ട്. 2025 ജൂലൈ 15 ആണ് ഇൻഷ്വറൻസ് എടുക്കാനുള്ള അവസാന തീയതി. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായി ബന്ധപ്പെടുക.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. നെയ്യാറ്റിൻകര ഗരസഭയുടെയും കൃഷിഭവന്റെയും ബിആർസി യുടെയും നേതൃത്വത്തിൽ 'ഓണത്തിന് എന്റെ വീട്ടിലും ഒരു വട്ടിപ്പൂവ് - എന്ന പദ്ധതിക്ക തുടക്കം കുറിച്ചു. ഗവ. ജെബിഎസിൽ 'ഉൾച്ചേർന്ന വിദ്യാഭ്യാസം' നൽകുന്ന ഋഷികേശിന്റെ വീട്ടു പരിസരത്ത് കെ. ആൻസലൻ എംഎൽഎ തൈകൾനട്ട് പദ്ധതി ഉദ്ഘാടനം ചെയ്തു.

5. കാർഷിക മേഖലയ്ക്ക് പുത്തനുണർവ് പകരാൻ സമൃദ്ധി ഫ്രൂട്ട് ഗ്രാമം' പദ്ധതിക്ക തുടക്കം. പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി എന്ന ഗ്രാമത്തെ കേരളത്തിലെ ഒരു പ്രധാന പഴവർഗ ഉൽപാദനകേന്ദ്രമാക്കി മാറ്റാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭാഗമായി 'സമൃദ്ധി ഫ്രൂട്ട് ഫെസ്റ്റ് 2025' ജൂലൈ 10 മുതൽ 12 വരെ മാരാമൺ സെന്റ് ജോസഫ് കാതോലിക് ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കും. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ഫെസ്റ്റിൽ പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന പഴവർഗങ്ങളും മൂല്യവർധിത ഉൽപന്നങ്ങളും ഗുണമേന്മയുള്ള തൈകളും പ്രദർശിപ്പിക്കാനും വിൽക്കാനും കർഷകർക്ക് അവസരം ലഭിക്കും.

**6.**` കൃഷിവകുപ്പിന്റെയും ആനാട് ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കർഷകസഭയും ഞാറ്റുവേലയും ഇന്നു രാവിലെ 10 മണിക്ക് ചുള്ളിമാനൂർ ഉദയാ ഗ്രന്ഥശാലയിൽ നടക്കും. പഞ്ചായത്ത് പ്രസിഡന്റ് ശ്രീകല ഉദ്ഘാടനം ചെയ്യും. ഇതോടനുബന്ധിച്ച് സൗജന്യ പച്ചക്കറി തൈകളുടെയും വിത്തുകളുടെയും വിതരണം, കാർഷിക ഉപകരണങ്ങളുടെ രജിസ്ട്രേഷൻ, വിളകളുടെ വിതരണം എന്നിവയും നടക്കും.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 2370773

8. അന്താരാഷ്ട്ര സഹകരണ ദിനം കേരള കാർഷിക സർവകലാശാലയിലെ കെഎയു ലൈബ്രറി ഹാളിൽ ESAF സ്വാശ്രയ മൾട്ടി-സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും സഹകരണ, ബാങ്കിംഗ് ആൻഡ് മാനേജ്മെന്റ് കോളേജും (CCBM) സംയുക്തമായി ആചരിച്ചു. മൂല്യങ്ങളിലൂടെ സമഗ്രവും സുസ്ഥിരവുമായ വികസനം" എന്ന ആഗോള വിഷയത്തെ ആസ്പദമാക്കി പരിപാടികൾ സംഘടിപ്പിച്ചു. പരിപാടി ഡോ. ഇ. ജി. രഞ്ജിത്ത് കുമാർ, രജിസ്ട്രാർ (ചുമതല) & ഡീൻ ഓഫ് ഫാക്കൽറ്റി (ബേസിക് സയൻസസ് ആൻഡ് ഹ്യുമാനിറ്റീസ്) അധ്യക്ഷത വഹിച്ചു. ഗ്രാമീണ മേഖലകളിൽ സഹകരണ സംഘടനകളുടെ സ്വാധീനശാലിയായ പങ്ക് അദ്ദേഹം സംസാരിച്ചു. ESAF സ്വാശ്രയ മൾട്ടി സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ചെയർപേഴ്സൺ ശ്രീമതി സലീന ജോർജ് ഉദ്ഘാടന പ്രസംഗം നടത്തി.

## <u>പരിശീലന പരിപാടി</u>

9. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ നഴ്സറി പരിപാലനവും പ്രജനന രീതികളും (08/07/2025 – 09/07/2025), പച്ചക്കറി വിളകളിലെ കൃത്യതാ കൃഷിരീതി (14/07/2025) എന്നീ വിഷയങ്ങളെ ആസ്പദമാക്കി പ്രവർത്തി പരിചയ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഫീസ് 1000 രൂപ വീതം. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർവകലാശാല സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഫോൺ നമ്പർ : 04872961457.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ **ജൂലായ്** 10, 11 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക . അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക

11. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽവച്ച് 2025 ജൂലൈ 19 മുതൽ 31 വരെ "ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ജൂലൈ 18 -ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471-2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം - 695004. Email ID:principaldtctvm@gmail.com

## 12. കാർഷിക നിർദേശം

പയർ എല്ലാക്കാലത്തും കൃഷി ചെയ്യാം. നല്ല സൂര്യപ്രകാശവും വളക്കൂറുള്ള മണ്ണും അത്യാവശ്യം സെന്റിന് 3 കിലോ പൊടിഞ്ഞ കുമ്മായം ചേർത്ത് മണ്ണ് നന്നായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കിളച്ച് മറിച്ചശേഷം ഒന്നരയടി അകലത്തിൽ ചാല് കോരാം. രണ്ടാഴ്ചയ്ക്കുശേഷം ട്രൈക്കോ ഡെർമ ചേർത്ത് സമ്പുഷ്ടീകരിച്ച ജൈവവളം സെന്റിന് 80 കിലോ എന്ന തോതിൽ ഇളക്കിച്ചേർക്കുക. ചാലുകളിൽ അരയടി അകലത്തിൽ വിത്ത് പാകാം.  കീടങ്ങളെ അകറ്റാൻ ശീമക്കൊന്ന ഇല പുതയിടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം